nalanda
नालंदा - पुस्तकालय और सूचना केंद्र
Library and Information Centre
Your Strategic Learning Partner

भारतीय विचारधारा का वैश्वीकरण
Globalizing Indian Thought

#IIMKinMedia

Date: September 08, 2026

Newspaper: Deshabhimani, pg. 08

# ആഗോള മാനേജ്മെന്റ് റാങ്കിങ്ങിൽ മുന്നേറി ഐഐഎംകെ



കോഴിക്കോട് ഐഐഎം

കുന്നമംഗലം

ഫിനാൻഷ്യൽ ടൈംസിന്റെ 2026ലെ മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ് ആഗോള റാങ്കിങ്ങിൽ 15 സ്ഥാനങ്ങൾ മുന്നേറി കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്. 2025ൽ 69–ാം സ്ഥാനത്തായിരുന്ന ഐഐഎം ഇത്തവണ 54ാം സ്ഥാനത്തേക്കാണ് ഉയർന്നത്.

ഇതോടെ സ്ഥാപനത്തിന്റെ പ്രധാന പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ലോകത്തെ മികച്ച 55 മാനേജ്മെന്റ് പ്രോഗ്രാമുകളുടെ പട്ടികയിൽ ഇടംപിടിച്ചു. സുസ്ഥിരത, കരിയർ സേവനങ്ങൾ, ലിംഗവൈവിധ്യം തുടങ്ങിയ മേഖലകളിലും ഐഐഎം മികച്ച നേട്ടം കൈവരിച്ചു.

ഇഎസ്ജി ആൻഡ് നെറ്റ് സീറോ ടീച്ചിങ് വിഭാഗത്തിലും മുന്നേറി. 2025ൽ ആഗോളതലത്തിൽ 66–ാം സ്ഥാനത്തായിരുന്ന സ്ഥാപനം ഇത്തവണ 52ലെത്തി. 14 സ്ഥാനങ്ങളുടെ മുന്നേറ്റമാണ് ഈ വിഭാഗത്തിൽ രേഖപ്പെടുത്തിയത്.

കരിയർ സർവീസസ് വിഭാഗത്തിൽ 23–ാമതാണ്. വിദ്യാർഥികളിലെ ലിംഗവൈവിധ്യത്തിലും ഐഐഎം ശ്രദ്ധേയ നേട്ടം കൈവരിച്ചു.